ഉത്തരം

(എ) മിക്ത്രവഴിയുള്ള സേവനങ്ങളൊന്നും ഫിഷറീസ് വകുപ്പുവഴി മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്നില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മോറട്ടോറിയം

183 (6101) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളാത്ത സാഹചര്യത്തിൽ അവരുടെ കടങ്ങൾക്ക് ആറ് മാസത്തേക്ക് കൂടി 'മോറട്ടോറിയം' പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഇതുവരെ എഴുതിത്തള്ളിയ കടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) തീയതി 31-12-10 വരെ നീട്ടുന്ന കാര്യം പരിഗണനയിലാണ്.

(ബി) മത്സ്യത്തൊഴിലാളികൾക്കായി മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയ ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം 9891 ഗുണഭോക്താക്കളുടെ 11,82,60,000 (പതിനൊന്ന് കോടി എൺപത്തി രണ്ട് ലക്ഷത്തി അറുപതി നായിരം രൂപ) രൂപയുടെ ഋണബാദ്ധ്യതയും എൻ.സി.ഡി.സി വായ്പ ഇനത്തി ലുള്ള 48355 മത്സ്യത്തൊഴിലാളികളുടെ 115,03,49,024 (നൂറ്റി പതിനഞ്ച് കോടി മൂന്ന് ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി ഇരുപത്തിനാല് രൂപ) രൂപ യുടെ ഋണബാദ്ധ്യതയും കമ്മീഷന്റെ ശുപാർശയെത്തുടർന്ന് പൂർണ്ണമായും ഏറ്റെടുത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം

184 (6102) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യമായി ഏതൊക്കെ പഠനത്തിന് എത്ര രൂപ വീതമാണ് നൽകുന്നത് ;

(ബി) ഇത് ലഭിക്കുന്നതിനുള്ള വരുമാന പരിധി എത്ര രൂപയാണ് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കുട്ടികൾക്ക് ഈ ഇനത്തിൽ എത്ര രൂപ ചെലവിട്ടു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-8-2009 ലെ ജി.ഒ.(എം.എസ്) 55/09/എഫ്&പി.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം 2009-10 സാമ്പത്തിക വർഷം മുതൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൻട്രൻസ് കമ്മീഷണറുടെ മെരിറ്റ് ലിസ്റ്റ് പ്രകാരം അഡ്മിഷൻ ലഭിച്ചു പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് മുഖാന്തിരം നൽകുന്ന നിരക്കിൽ വിദ്യാഭ്യാസ ആനുകൂല്യം നൽകാൻ ഉത്തരവായിട്ടുണ്ട്. എം.ബി.ബി.എസ്, എഞ്ചിനീയറിംഗ്, ബി.ഡി.എസ്., നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ ഉൾപ്പെടെ സർക്കാർ അംഗീകാരമുള്ള എല്ലാ കോഴ്സുകൾക്കും സ്വാശ്രയ കോളേജുകളിലെ സർക്കാർ സീറ്റിൽ, എൻട്രൻസ് കമ്മീഷണറോ ബന്ധപ്പെട്ട ഏജൻസികളോ തയ്യാറാക്കുന്ന മെരിറ്റ് ലിസ്റ്റിൽ അഡ്മിഷൻ കിട്ടുന്ന എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസാനുകൂല്യം നൽകുന്നുണ്ട്. മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്ക് യഥാകാലം സർക്കാർ നിശ്ചയിക്കുന്ന ഫീസും, ലംപ്സം ഗ്രാന്റ്, പോക്കറ്റുമണി തുടങ്ങിയ ആനുകൂല്യങ്ങളും നൽകുന്നുണ്ട്.

(ബി) ഇതിന് വരുമാന പരിധി ബാധകമല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന 32 മത്സ്യത്തൊഴിലാളി കുട്ടികൾക്ക് ഇതുവരെ 7,47,293 രൂപ (ഏഴു ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ) വിദ്യാഭ്യാസ ആനുകൂല്യമായി ചെലവാക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് ലഭിച്ച അപേക്ഷകൾ

185 (6103) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിനായി നൽകപ്പെട്ട അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ബി) കടാശ്വാസ അപേക്ഷകൾ അടിയന്തിരമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ഈ സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കടങ്ങൾ എഴുതിത്തള്ളുന്നതിന്റെ ആദ്യപടിയായി എൻ.സി.ഡി.സി, ഹഡ്കോ എന്നീ സ്ഥാപനങ്ങളുടെ മത്സ്യത്തൊഴിലാളി കടങ്ങളിൽ 126.85 കോടി രൂപ എഴുതിത്തള്ളി. 1989-ലെ കേരള സഹകരണസംഘം ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ/സഹകരണ

LIBRARY ARCHIVES Kerala Legislative Assembly